Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

അക്വാകൾച്ചർ യൂണിറ്റ്

342(1088) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അക്വാകൾച്ചർ യൂണിറ്റ് ആരംഭിക്കാൻ ഫിഷറീസ് വകുപ്പ് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ അക്വാകൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് തുകയുടെ 40 ശതമാനം തുക ധനസഹായമായി നൽകിവരുന്നു. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ ഇത്തരത്തിൽ എത്ര യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന അക്വാകൾച്ചർ യൂണിറ്റുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതി	എണ്ണം
1	ശുദ്ധജല കൂട് മത്സ്യകൃഷി	17
2	വീട്ടുവളപ്പിലെ മത്സ്യകൃഷി	205
3	ബയോഫ്ളോക്ക് (160 m3)	91
4	RAS (50 m3)	10
5	ബയോഫ്ളോക്ക് (160 m3)	15
6	RAS (100 m3)	11
7	ഓരുജല കൂടുകൃഷി	50
8	കരിമീൻ വിത്തുല്പാദന യൂണിറ്റ്	8
9	വരാൽ വിത്തുല്പാദന യൂണിറ്റ്	4

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.